## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 250 — 20/12/2012 -ൽ മറുപടിക്ക്

## എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ തെറ്റുകൾ തിരുത്തുന്നതിലുള്ള കാലതാമസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എം. ഷാജി | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ ഉണ്ടാകുന്ന തെറ്റുകൾ തിരുത്തി നൽകുന്നതിന് കാലതാമസം നേരിടുന്നതായി പരാതികളുള്ള സാഹചര്യത്തിൽ തെറ്റുവന്ന സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി തിരുത്തി നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ ; | (എ) പൊതു പരീക്ഷാകമ്മീഷണറുടെ കാര്യാലയം വിതരണം നടത്തുന്ന സർട്ടിഫിക്കറ്റുകളിൽ സംഭവിച്ചിട്ടുള്ള പിഴവുകൾ പരിഹരിച്ച് സമയ ബന്ധിതമായി സർട്ടിഫിക്കറ്റുകൾ വിതരണം നടത്തുന്നതിന് പരീക്ഷാകമ്മീഷണറുടെയും, ജോയിന്റ് കമ്മീഷണറുടെയും, പരീക്ഷാ സെക്രട്ടറിയുടെയും മേൽനോട്ടത്തിൽ പരീക്ഷാഭവൻ ജീവനക്കാരുടെ ഒരു ടീം തയ്യാറാക്കി ജില്ലകൾ തോറും സ്പെഷ്യൽ അദാലത്തുകൾ നടത്തിവരുന്നു. പ്രസ്തുത ടീം പൊതുജനങ്ങളിൽ നിന്നും അപേക്ഷകൾ സ്വീകരിച്ച് നിർദ്ദിഷ്ട സമയപരിധിയായ ഒരു മാസത്തിനകം പുതിയതോ പിഴവുകൾ പരിഹരിച്ചതോ ആയ സർട്ടിഫിക്കറ്റുകൾ വിതരണം നടത്തിവരുന്നുണ്ട്.<br>ലഭിച്ച അപേക്ഷകളിൽ വിസ, ഉപരിപഠനം, നിയമനം, കോടതി വിഷയങ്ങൾ എന്നീ ആവശ്യങ്ങൾക്കുവേണ്ടി രേഖകൾ സഹിതം അപേക്ഷിച്ചവർക്ക് രണ്ടു ദിവസത്തിനകം പുതിയ സർട്ടിഫിക്കറ്റുകളോ/ തിരുത്തലുകൾ വരുത്തിയ സർട്ടിഫിക്കറ്റുകളോ വിതരണം നടത്തി വരുന്നു. മലപ്പുറം, കണ്ണൂർ, പത്തനംതിട്ട, ഇടുക്കി, |

കാസർഗോഡ് എന്നീ ജില്ലകളിൽ ഇതിനകം അദാലത്ത് കഴിഞ്ഞിട്ടുണ്ട്. മറ്റ് ജില്ലകളിൽ അദാലത്ത് നടത്തുന്നതിനുള്ള സമയവിവര പ്പട്ടികയും തീരുമാനിക്കപ്പെട്ടിട്ടുണ്ട്.

| | |
|---|---|
| (ബി) തെറ്റുകൾ തിരുത്തി നൽകുന്നതിനുള്ള നടപടിക്രമം ലഘൂകരിച്ച് കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ബി) പരീക്ഷാഭവൻ വിതരണം നടത്തുന്ന യോഗ്യതാ സർട്ടിഫിക്കറ്റുകളിൽ സംഭവിച്ചിട്ടുള്ള പിഴവുകൾ തിരുത്തുന്നത് നിലവിലുള്ള ചട്ടങ്ങൾക്ക് അനുസൃതമായാണ്. സെക്കണ്ടറി സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റിൽ ഉണ്ടാകുന്ന പിഴവുകൾ തിരുത്തുന്നതിന് നിലവിലുണ്ടായിരുന്ന സങ്കീർണ്ണമായ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി ജനനത്തീയതി തിരുത്തുന്നതിനുള്ള അപേക്ഷാഫാറം ഇതിനകം പരിഷ്കരിച്ചിട്ടുണ്ട്. കൂടാതെ വിസ ഉപരിപഠനം, നിയമനം തുടങ്ങിയ ആവശ്യങ്ങൾക്കുവേണ്ടി രേഖാമൂലം അപേക്ഷിക്കുന്നവർക്ക് 2 ദിവസത്തിനകം പുതിയത്/തിരുത്തൽ വരുത്തിയ സർട്ടിഫിക്കറ്റുകൾ നൽകുന്നുണ്ട്. ഇതിനും പുറമേ 14 ജില്ലകളിൽ അദാലത്ത് നടത്തുന്നതിലൂടെ നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ ഒട്ടേറെ അപേക്ഷകൾ തീർപ്പ് കല്പിക്കാൻ സാധിക്കും. |

Sreedevi

സെക്ഷൻ ഓഫീസർ